**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4402 17.05.2017-ൽ മറുപടിയ്ക്ക്**

**ഈ അദ്ധ്യയനവർഷത്തെ മെഡിക്കൽ പ്രവേശനം**

| ചോദ്യം. | ഉത്തരം |
|---|---|
| **ശ്രീ. വി.എസ്. ശിവകുമാർ :** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)** |
| (എ) കോന്നി, ഇടുക്കി, പാരിപ്പള്ളി, തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ 2017-18 അദ്ധ്യയനവർഷം മെഡിക്കൽ പ്രവേശനം സാധ്യമാകുമോ ; ഇതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) കോന്നി, ഇടുക്കി, തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ 2017-18 അദ്ധ്യയനവർഷം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമായിട്ടില്ല. എന്നാൽ കൊല്ലം മെഡിക്കൽ കോളേജിന്റെ അംഗീകാരം സംബന്ധിച്ച വിഷയം കേന്ദ്ര ഗവൺമെന്റിന്റേയും ലോധാ കമ്മിറ്റിയുടേയും സജീവ പരിഗണനയിലാണ്. 2017-18 അദ്ധ്യയനവർഷം മെഡിക്കൽ പ്രവേശനം സാധ്യമാകുമെന്ന് ഉറപ്പായും പ്രതീക്ഷിക്കുന്നു. |
| (ബി) മേൽപ്പറഞ്ഞ കോളേജുകളിൽ 2017-18 അദ്ധ്യയനവർഷം പ്രവേശനം ആരംഭിക്കാൻ കഴിയില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; ഇക്കാര്യത്തിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ഭൗതിക സാഹചര്യങ്ങളുടെ അഭാവത്താൽ കോന്നി, ഇടുക്കി, തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജ് (IGGMC) എന്നിവിടങ്ങളിൽ 2017-18 അദ്ധ്യയന വർഷം പ്രവേശനം ആരംഭിക്കാൻ കഴിയില്ല. |

**സെക്ഷൻ ഓഫീസർ**